പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1232 30.09.2016 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വകാര്യബസുകൾ സമയക്രമം പാലിക്കുന്നുണ്ടോയെന്നത് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ രീതിയും ഇതിനായി ആരെയാണ് ചുമതലപ്പെടുത്തി-യിട്ടുള്ളതുമെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഇതു സംബന്ധിച്ചുള്ള പരാതികളും, ബസ്സുകളുടെ സമയപ്പട്ടികയും നോക്കിയാണ് പരിശോധന നടത്തുന്നത്. ഇതിനായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | സമയക്രമം പാലിക്കാതെയും അമിത വേഗതയിലും ഓടിക്കുന്ന സ്വകാര്യ ബസുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പിഴ ഈടാക്കുകയും, തുടർച്ചയായി ലംഘനം നടത്തുന്നവരുടെ പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | അലക്ഷ്യമായും അമിത വേഗതയിലും സ്വകാര്യ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ഇത്തരത്തിൽ വാഹനമോടിയ്ക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ